# പതിമൂന്നാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 493 — 11.06.2013 ൽ മറുപടിയ്ക്ക്

## റിസ്ക് ഫണ്ട് പദ്ധതിയുടെ വിശദാംശം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മുല്ലക്കര രത്നാകരൻ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) സഹകരണ മേഖലയിലെ വിവിധ ബാങ്കുകൾക്ക് റിസ്ക് ഫണ്ട് നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കിയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ; | (എ) സഹകരണ സ്ഥാപനത്തിൽ നിന്നും വായ്പയെടുത്ത് മരണപ്പെട്ടവരുടെ പേരിൽ നിലനിൽക്കുന്ന വായ്പ ബാധ്യതയിൽ ഒന്നര ലക്ഷം രൂപ വരെയുള്ള മുതലും അതിന്റെ പലിശയും എഴുതിത്തള്ളുന്നതിനായി "കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി" എന്ന പേരിൽ ഒരു പദ്ധതി നിലവിലുണ്ട്. കേരള സഹകരണ വികസന ക്ഷേമ നിധി ബോർഡ് മുഖേന 01.04.2008 മുതൽ നടപ്പിലാക്കി വരുന്ന റിസ്ക് ഫണ്ട് പദ്ധതി നിബന്ധനയിൽ 30.03.2012 ലെ സ.ഉ (കൈ) നം. 42/2012/സഹ നമ്പർ പ്രകാരം ഭേദഗതി വരുത്തുകയും മാരക രോഗം ബാധിച്ച് കഷ്ടപ്പെടുന്നവരുടെ വായ്പ ബാധ്യതയിലെ 75,000/- രൂപ വരെയുള്ള മുതൽ തുകയും അതിന്റെ പലിശയും എഴുതിത്തള്ളുന്നതിനുള്ള വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) ആയതുമായി ബന്ധപ്പെട്ട് നിലവിലുള്ള ഉത്തരവുകളുടെ വെളിച്ചത്തിൽ ഇതിനകം എന്തു തുക സഹകാരികൾക്കുവേണ്ടി നൽകിയിട്ടുണ്ട്; വ്യക്തമാക്കാമോ? | (ബി) റിസ്ക് ഫണ്ട് പദ്ധതി പ്രകാരം നാളിതുവരെ 6586 വായ്പക്കാരുടെ ആശ്രിതർക്കും വായ്പക്കാർക്കുമായി 45.18 കോടി രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ